**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2338** **30-07-2021 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ കലാകാരൻമാരുടെ തൊഴിൽ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ഉത്സവ സീസണുകളിൽ തിറ, തെയ്യം തുടങ്ങിയ അനുഷ്ഠാനകലകളിലേർപ്പെട്ടിരുന്ന കലാകാരൻമാരും ചെണ്ട, തിമില തുടങ്ങിയ വാദ്യോപകരണങ്ങൾ ഉപയോഗിച്ചിരുന്ന കലാകാരൻമാരും കോവിഡ് കാലത്ത് ജോലി നഷ്ടമായി ദുരിതമനുഭവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരിമൂലം ഉപജീവനം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും പ്രതിമാസം 1000/- രൂപാ വീതം 2 മാസത്തേയ്ക്ക് അടിയന്തിര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം, തെയ്യം, തിറ, ചെണ്ട, തിമില തുടങ്ങിയ കലാകാരന്മാർക്കും ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ തെയ്യം, തിറ, ചെണ്ട, തിമില കലാകാരന്മാർ ഉൾപ്പെടെയുള്ളവർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1000/-രൂപ വീതം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000/- രൂപ വീതം നൽകിയിട്ടുണ്ട്. ഈ വർഷം 1000/- രൂപ വീതം ധനസഹായം നൽകി വരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗമായ തെയ്യം, തിറ തുടങ്ങിയ കലാകാരന്മാർ ഉൾപ്പെടെയുള്ളവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകി വരുന്നു. |
| (ബി) | ഇത്തരക്കാർക്ക് കോവിഡ് പരിഗണിച്ച് ഏതെങ്കിലും തരത്തിലുള്ള ആശ്വാസ ധനസഹായം നിലവിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരിമൂലം ഉപജീവനം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം |

| | | | |
|---|---|---|---|
| | | | ആക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും പ്രതിമാസം 1000/- രൂപാ വീതം 2 മാസത്തേയ്ക്ക് അടിയന്തിര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം, തെയ്യം, തിറ, ചെണ്ട, തിമില തുടങ്ങിയ കലാകാരന്മാർക്കും ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ തെയ്യം, തിറ, ചെണ്ട, തിമില കലാകാരന്മാർ ഉൾപ്പെടെയുള്ളവർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1000/-രൂപ വീതം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000/- രൂപ വീതം നൽകിയിട്ടുണ്ട്. ഈ വർഷം 1000/- രൂപ വീതം ധനസഹായം നൽകി വരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗമായ തെയ്യം, തിറ തുടങ്ങിയ കലാകാരന്മാർ ഉൾപ്പെടെയുള്ളവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകി വരുന്നു. |
| (സി) | ഇതുവരെയും സഹായം നൽകിയിട്ടില്ലെങ്കിൽ ആയത് നൽകുവാനുള്ള നടപടികൾ സർക്കാർ ആലോചിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരിമൂലം ഉപജീവനം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും പ്രതിമാസം 1000/- രൂപാ വീതം 2 മാസത്തേയ്ക്ക് അടിയന്തിര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം, തെയ്യം, തിറ, ചെണ്ട, തിമില തുടങ്ങിയ കലാകാരന്മാർക്കും ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ തെയ്യം, തിറ, ചെണ്ട, തിമില കലാകാരന്മാർ ഉൾപ്പെടെയുള്ളവർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1000/-രൂപ വീതം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000/- രൂപ വീതം നൽകിയിട്ടുണ്ട്. ഈ വർഷം |

| | | | |
|---|---|---|---|
| | | | 1000/- രൂപ വീതം ധനസഹായം നൽകി വരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗമായ തെയ്യം, തിറ തുടങ്ങിയ കലാകാരന്മാർ ഉൾപ്പെടെയുള്ളവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ